പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1198 — 11.02.2016-ലെ മറുപടിക്ക്

## പ്രകാശ് പ്ലാന്റേഷന്റെ ഭൂമി

**ചോദ്യം**
ശ്രീ.ഇ.ചന്ദ്രശേഖരൻ

**മറുപടി**
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ട് പ്രകാശ് പ്ലാന്റേഷന്റെ ഭൂമി വില കൊടുത്ത് വാങ്ങിയ 205 കർഷക കുടുംബങ്ങളിൽ നിന്നും ഭൂ നികുതി സ്വീകരിക്കാത്തതിനെ തുടർന്നുണ്ടായ ജനകീയ സമരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സമരം അവസാനിപ്പിക്കുന്നതിന് ഏതെങ്കിലും ഉടമ്പടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | കർഷകർ നടത്തിയ സമരത്തിൽ, ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിരുന്നു. 08/02/2016-ലെ സ.ഉ.(കൈ) നം.99/2016/റവന്യൂ പ്രകാരം M/s.പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും വില നൽകി വാങ്ങി തരം മാറ്റി കൈവശം വച്ച് വരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി, ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | ഭൂ നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ